

# KITECH

DIGITAL MAGAZINE

2019-2020

## VGHSS NEMOM

# വിക്ടറി ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ





സ്കൂളിന്റെ സ്ഥാപകൻ
എൻ. കെ. വാസുദേവൻ നായർ



മുൻ മാനേജർ
എൻ. കമലാഭായി അമ്മ

# മാനേജർ



**കെ.വി.പ്രസന്നകുമാരി അമ്മ**

# നമ്മുടെ മാർഗ്ഗദർശി



## ശ്രീമതി രാധിക വി നായർ

## HM

**നേമം**

**28/1/2020**

**HM:രാധിക വി നായർ**



# സന്ദേശം

**2019-2020 വർഷത്തിലെ Little kites-ന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന Kitech എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.ഇതിന്റെ അണിയറപ്രവർത്തകർക്ക് എന്റെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ.**

നേമം

28/1/2020

**S.I.T.C.ശബരിഗിരീഷ്.എസ്**



## സന്ദേശം

**ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ സ്കൂൾ മാഗസിൻ എന്ന സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ ആശംസകൾ അർപ്പിക്കുന്നതിനോടൊപ്പം ഈ സംരംഭത്തിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.തുടർന്നുള്ള എല്ലാ സംരംഭങ്ങൾക്കും ഇതൊരു വഴികാട്ടിയാകട്ടെ എന്നാശംസിക്കുന്നു.**

# ലിറ്റിൽ കൈറ്റ്സ്

കുട്ടികളുടെ ഏറ്റവും വലിയ IT ശൃംഖലയാണ് ലിറ്റിൽ കൈറ്റ്സ്.ലിറ്റിൽ കൈറ്റ്സ് അംഗമായ വിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ പോകാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു.പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർ ഗാത്മകമായും വളർത്തുവാനാണ് LITTLE KITES



# എഡിറ്റോറിയൽ ബോർഡ്



# ലിറ്റിൽ കൈറ്റ്സ് ലീഡർ



## നന്ദന എസ്

## <u>യു.പി യ്ക്ക് പുതിയൊരു കമ്പ്യൂട്ടർ ലാബ്</u> ......!

**2019-2020 അധ്യയനവർഷം നമ്മുടെ സ്കൂളിൽ യു പി സെക്ഷനുവേണ്ടി പുതിയൊരു കമ്പ്യൂട്ടർ ലാബ് പ്രവർത്തനമാരംഭിച്ചു.**




Business
Projector


Business
Projector

# വിക്ടറി ഗേൾസ് ഹൈസ്കൂൾ

## നേമം

## പാഠം ഒന്ന് -പാടത്തേക്ക്



# "പാടത്തിറങ്ങാം
# പഠിച്ചു കേറാം"

- നേമം വിക്ടറി സ്കൂളിലെ കാർഷിക ക്ലബ്ബിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നിലമൊരുക്കുന്നു.










പ്രകൃതി നിയമങ്ങൾ അറിഞ്ഞും, അധ്വാനത്തിന്റെ മഹത്ത്വം അറിഞ്ഞും, കാർഷികവൃത്തിയുടെ മാഹാത്മ്യം തിരിച്ചറിഞ്ഞും പാരമ്പര്യം തൊട്ടറിഞ്ഞും ആണ് കുട്ടികൾ വളരേണ്ടത്...

അതിനായി ഞങ്ങൾ പുതുതലമുറയെ കൈപിടിച്ച് പാഠം ഒന്ന് പാഠത്തേയ്ക്ക് നയിക്കാൻ തീരുമാനിച്ചു.





Sep 26 - ാം തീയതി കാർഷിക  ക്ലബ്ബിന്റെ നേതൃത്വത്തിൽ നിലമൊരുക്കൽ, വിത്തുവിതയ്ക്കൽ തുടങ്ങി വിവിധ ഘട്ടങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി. പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് നയിക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടത്തുന്ന പദ്ധതിയാണ് ഇത്. ബഹുമാനപ്പെട്ട കൃഷി ഓഫീസർ സ്കൂൾതല ഉദ്ഘാടനം നിർവഹിക്കുകയും കുട്ടികൾക്ക് കൃഷിയുടെ പാഠം പകർന്ന് നൽകുകയും ചെയ്തു.






വിദ്യാർത്ഥികൾക്ക് നൽകിയ പച്ചക്കറി വിത്തുകൾ അവരവരുടെ വീടുകളിൽ പാകിയതിന്റെ വിലയിരുത്തൽ ക്ലാസ് തലത്തിൽ നടത്തിവരുന്നു.

## കർഷകനുമായുള്ള അഭിമുഖ ചോദ്യാവലി

## കുട്ടികളെകൊണ്ട് തയ്യാറാക്കിച്ച

1. അങ്ങയുടെ പേരെന്താണ് ? നെൽകൃഷി ചെയ്യാൻ തുടങ്ങിയിട്ട് എത്ര നാളായി ?
2. ഏത് മാസമാണ് നെൽകൃഷിക്ക് അനുയോജ്യം ?
3. നമ്മുടെ നാട്ടിലെ തനത് നെല്ലിനങ്ങൾ ഏതൊക്കെയാണ് ?
4. ഞങ്ങളുടെ മണ്ണുമായി ചേർന്നു പോകുന്ന നെല്ലിനമേതാണ് ?
5. വിഷവിമുക്തമായ കൃഷിരീതിയാണോ ഇവിടെ അവലംബിക്കുന്നത് ?
6. സമീപകാലത്തായി നെൽകൃഷിയിൽ ഏർപ്പെടുമ്പോൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെ ?
7. ആ ബുദ്ധിമുട്ടുകൾ എങ്ങനെ തരണം ചെയ്യുവരുന്നു ?

# सुरीली हिंदी

## 2019-2020

हिंदी भाषा को आसानी से बोलने और समझाने के लिए हम लोग सुरीली हिंदी को अपनाया था।इसके ज़रीये हम कहानी कविता और नाटक आदी को प्रस्तुत करने का अवसर छात्रों को दे दिया।इससे छात्र अपने पाठ भाग और भाषा को बहुत आसानि से प्रस्तुत कर सकें। इससे छात्र  बहुत जल्दी ही हिन्दी भाषा को बोलने और प्रस्तुत किया इसीप्रकार सुगम हिदीं के द्वारा भि छात्रों को पढे गये पाठ भाग आसानी से लिखने का अवसर भी दिया।

# വിദ്യാരംഗം

2019-2020 അധ്യയനവർഷം കുട്ടികളുടെ സർഗവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വരക്കൂട്ടം,കവിതയരങ്ങ്,കഥയരങ്ങ്,അഭിനയക്കൂട്ടം,നൃത്തക്കൂട്ടം,പാട്ടുക്കൂട്ടം എന്നിങ്ങനെ പല ഗ്രൂപ്പുതലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുകയും കഴിവിനൊത്ത് കുട്ടികളുയരുകയും ചെയ്തു.ഈ വർഷത്തെ വിദ്യാരംഗപ്രവർത്തനങ്ങൾ പ്രയോജനകരമായിരുന്നു.
ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും സ്നേഹാദരങ്ങൾ.

# ഒപ്പം

സ്കൂളിൽ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യപരിപാലനത്തിനുവേണ്ടി കാട്ടാക്കട നിയോജകമണ്ഡലം M L A ബഹു.ശ്രീ.ഐ.ബി.സതീഷ് ഒപ്പം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഹെൽത്ത് റൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു.





# വിനോദയാത്ര

വയനാട്,കൊടൈക്കനാൽ എന്നി സ്ഥലങ്ങളിൽ കുട്ടികളെ വിനോദയാത്രയ്ക്ക് സ്കൂളിൽനിന്ന് അധ്യാപകരും കുട്ടികളും പോകുകയും പ്രകൃതിഭംഗി ആസ്വദിക്കുകയും ചെയ്തു.ഉല്ലാസവും ഊർജ്ജവും പ്രദാനം ചെയ്യുന്നതായിരുന്നു ഈ യാത്രകൾ.



# <u>പഠനയാത്ര</u>

**പാടത്തേക്കിറങ്ങുന്നതിന്റെ ഭാഗമായി നെല്ലുകൃഷിയുമായി ബന്ധപ്പെട്ട മുന്നറിവു നേടുന്നതിന് വെള്ളായണിയിലെ നെല്പാടങ്ങൾ സന്ദർശിച്ചു. അവിടെ വച്ച് പരിചയപ്പെട്ട എന്ന കർഷകനുമായി അഭിമുഖസംഭാഷണം നടത്തി.**







# *വിദ്യാഭ്യാസവും മാധ്യമവും*

**ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിന് ഏറ്റവും പങ്കുവഹിക്കുന്ന ഒന്നാണ് മാധ്യമങ്ങൾ. മാധ്യമങ്ങൾ പലതരമുണ്ട്ടെലിവിഷൻ, റേഡിയോ, പത്രം, ഇൻറർനെറ്റ് , ഗൂഗിൾ, യൂട്യൂബ്, അങ്ങനെ പലതരം മാധ്യമങ്ങൾ. ശിലായുഗങ്ങളിൽ കല്ലുകൾ കൊത്തി എഴുതിയിരുന്ന ശേഷം താളിയോലകൾ വന്നപ്പോൾ എഴുത്താണി കണ്ടെത്തി. ഇതിലെ ഏറ്റവും വലിയ കണ്ടെത്തലാണ് പേപ്പറിൻറയും പേനയുടേയും പിന്നീട് ഇൻറർനെറ്റും ഗൂഗിളും ലോകപ്രശസ്ഥനായ ജോഹനാസ് ഗുട്ടൻബർഗാണ് അച്ചടി യന്ത്രംകണ്ടെത്തിയ്യത്. അതോടെ വിദ്യാഭ്യാസത്തിൻറ തലവരയേ മാറി**

**ഇൻറർനെറ്റിൻറ കഥ പറയുകയാണങ്കിൽ കഴിഞ്ഞ അൻപതുവർഷത്തിനുള്ളിൽ ലോകത്തിൽ ശ്രദ്ധേയമായ കണ്ടുപിടുത്തമാണ് ഇൻറർൻെറ്റ്. ഇതിനെ ആദ്യം (arpa net) എന്നാണ് വിളിച്ചിരുന്നത് .1969 അമേരിക്കൻ മിലിറ്ററിയാണ് ഇത് ആദ്യം കണ്ടു പിടിച്ചത് . 1973 -ിൽ സേൺ ഗവേഷണശാല ഒരു ടച്ച് സ്ക്രീൻ നിർമ്മിച്ചു. തുടർന്ന് 1975 ജോർജ്ജ് സാമുവൽ ഇതിന് പാറ്റേൻറ നേടി. ഈ കണ്ടുപിടിത്തം വിദ്യാഭ്യാസ രംഗത്ത് വളരെ വലിയ മാറ്റം സൃഷ്ട്ടിച്ചു.**

**പണ്ട് ഒരു സെമിനാറോ പ്രോജക്റ്റ്ടോ ചെയ്യണമെങ്കിൽ പുസ്തകങ്ങളെ ആശ്രയിക്കണമായിരുന്നു എന്നാൽ വിജ്ഞാനം വിരൽ തുമ്പുകളിലേക്ക് ഒതുങ്ങി. പുസ്തകവായനപോലെതന്നെ ദൃശ്യവശങ്ങളൊന്നും ഇല്ലാത്തവയാണ് അച്ചടി മാധ്യമം**

ഗുഹകളിൽ നിന്ന് കോൺക്രീറ്റ് സൗധങ്ങളിലേക്ക് കൈപിടിച്ച് ആനയിച്ചു കൊണ്ട് ശാസ്ത്രം മനുഷ്യജീവിതത്തെയാകെ മാറ്റി മറിച്ചു. അങ്ങനെ നാം ഇന്നൊരു ശാസ്ത്രയുഗത്തിലാണ് ജീവിക്കുന്നത് ശാസ്ത്രപുരോഗതി അനുഭവിച്ചാണ് നാം ഓരോരുത്തരും കഴിയുന്നത് ഇപ്പോൾ മിക്ക ക്ലാസുകളും ഹൈടക്ക് ആക്കിയിരിക്കുന്നു എല്ലാകുട്ടികൾക്കും കണ്ടുകൊണ്ടുതന്നെ പഠിക്കാം ഇവ കൂടാതെ മറ്റനേകം മാധ്യമങ്ങൾ ഉണ്ട്. മാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് എന്നിരുന്നാലും പുസ്തകവായനപോലെ മഹത്തരമായ ഒന്നുതന്നെ ഈ ലോകത്തിലിതുവരെ കണ്ടെത്തിയിട്ടില്ല ഒരു നാണയത്തിൻെറ രണ്ടുവശം പോലെ നല്ലവശങ്ങൾക്കൊപ്പം ദൂശ്യവശങ്ങളും ഇതിനുണ്ട് അമിതമായി നോക്കി നിന്നാൽ കണ്ണിനും കഴുത്തിനും അമിതമായി വേദനയും ഉറക്കകുറവും അനുഭവപ്പെടും ഇതിൻെറ റേഡിയേഷൻ കിരണങ്ങൾ ബാധിച്ചാൽ കാൻസർ പോലെ മാരകമായ രോഗം ഉണ്ടാകും മോഡൽ ഫോണുകൾ കൂടുന്നതിനനുസരിച്ച് പഴയ ഫോണുകൾ ഉപേക്ഷിക്കുന്നു.





# കഥകളി

കഥകളി ഒരു ശാസ്ത്രീയ കലാത്രൂപമാണ്. കേരളത്തിലെ ദേശീയ ഒരു ഉത്സവമാ കഥകളി. കേരളത്തിലെ നാട്ടുരാജാവായ കോയാക്കൽ തമ്പുരാനാണ് ഇ നാട്ട്യകലയ്ക്ക് ത്രൂപം നൽകിയത്. കേരളത്തിലെ ഒരു സാംസ്കാരിക കല കൂടിയാ കഥകളി. കഥകളിയിൽ പ്രധാനപ്പെട്ട അഞ്ച് വേഷങ്ങളുണ്ട്. അതിൽ നാല്

ആണും ഒരു പെണ്ണുമാണുള്ളത്. താടി,കരി,കത്തി,മിനുക്ക്, പച്ച്.താ ഉപയോഗിക്കുന്നത് ദുഷ്ട കഥാപാത്രങ്ങളാണ്.മിനുക്ക് ഉപയോഗാക്കുന്ന സ്ത്രീകളാണ്; മഹർഷിമാരും ഉപയോഗിക്കാറുണ്ട്.

കഥകളി ഒരു നാട്ട്യകലയാണ്. കഥകളിക്ക് നിറ ആചാര്യന്മാരുണ്ട്. അവരെ 'കഥകളി ആചാര്യന്മാർ' എന്നാണ് അറിയപ്പെടുന്നത്. കലാമണ്ഡലം ഗോപി ആശാൻ, കലാമണ്ഡലം കൃഷ്ണൻ നായർ എന്നിവർ കഥകളി ആചാര്യന്മാരാണ്. കേരള കലാമണ്ഡലം സ്ഥാപിച്ച മഹാകവി വള്ളത്തോൾ നാരായണ മേനോനാണ്. കഥകളി ത്രൂപം കൊണ്ടത് കേരളത്തിലാണ്. കലാമണ്ഡലം അവരുടെ ആസ്ഥാനമാണ്. കഥകളിയുടെ ആടയാഭരണങ്ങ അറിയപ്പെടുന്നത് 'ആഹാര്യം' എന്ന പേരിലാണ്. കഥകളിയ്ക്ക്

അവരുടേതായ വേഷ വിധാനങ്ങളുണ്ട്. കൃഷ്ണമുടി, തോട എന്നിവയാ കഥകളിയ്ക്ക് അവരുടേതായ ഗാനവും നൃത്തവുമുണ്ട്.

കഥകളി ആചാര്യനായ കലാമണ്ഡലം കൃഷ്ണനായർ ചന്തുപ്പണിക്കരാശാ ശിഷ്യനാണ്. അദ്ദേഹം ഒരു കവി കൂടിയാണ്. കഥകളി ഇപ്പോഴും നിലനിൽക്കു കലയാണ്.

Arunima.s.r

7B

# ഇരുട്ടിനെ സ്നേഹിച്ച പെണ്ണ്



ഇരുൾനാട് എന്ന ഒരു
ഗ്രാമത്തിൽ,സന്ധ്യമയങ്ങുന്ന
നേരത്തിനുമുൻപുതന്നെ രാത്രിയുടെ ഇരുൾ
ഗ്രാമമാകെ പടർ
ന്നിരിക്കും.അതുകൊണ്ടുതന്നെ ഇരുട്ട് ഒരു
പ്രശ്നമായിരുന്നില്ല.ഇരുട്ടിനെ ഭയക്കാത്ത ഒരു കൂട്ടം
ജനങ്ങളുടെ നാട് ഇരുൾനാട്.
ഈ നാട്ടിൽ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി ഇരുട്ടിനെ
ഒരുപാട് ഭയക്കുന്ന ഒരു പതിനഞ്ചു വയസ്സുകാരിയായ
കാവേരി എന്ന പെൺകുട്ടി.കാവേരിയുടെ അച്ഛൻ മരിച്ചിട്ട്
അഞ്ചു വർഷം കഴിഞ്ഞു. അവളുടെ ധൈര്യശാലിയായ
അമ്മയാണ് കാവേരിയുടെ ഏക ആശ്രയം.



അമ്മ വളരെ കഷ്ടപ്പെട്ടാണ്
കാവേരിയെ വളർത്തുന്നത്.
അമ്മയുടെ ധൈര്യം കുറച്ചൊക്കെ
കാവേരിക്കും
കിട്ടിയിട്ടുണ്ട്.എന്നാൽ ഇരുട്ടിൽ അവളുടെ ധൈര്യം
അപ്രത്യക്ഷമാകും.കാവേരിയുടെ അമ്മയായ നളിനിയ്ക്ക്
മകളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ
ഒരുപാടായിരുന്നു.ഇരുട്ടിനോടുള്ള കാവേരിയുടെ ഭയം

അവളുടെ ജീവിതത്തെ ബാധിക്കുമോ എന്ന് നളിനി ദിനവും ഓർക്കും പുഞ്ചിരിയുണർത്തി.അവർ കുന്നിൻ മുകളിൽ നിന്ന് താഴേമായിരുന്നു.

ഒരു ദിവസം അതിരാവിലെ നളിനി കുളിച്ചു ശുദ്ധിയായി അടുക്കളയിലേയ്ക്ക് കയറി.അന്ന് ഒരു അവധി ദിവസമായിരുന്നു. നളിനി ഗ്രാമത്തിലെ കയറുനിർമ്മാണഫാക്ടറിയിലാണ് ജോലിചെയ്യുന്നത്.ആ അവധിദിവസത്തിൽ നളിനിയുടെ മനസ്സ് വളരെ മൂകമായിരുന്നു.അവൾ അടുക്കളയുടെ ജനൽ പഴുതിലൂടെ കുന്നിൻ മുകലിലെ കാഴ്ചകളെ നോക്കി നിന്നു.പൂത്തുനിൽക്കുന്ന മരങ്ങളും,സൂര്യനെ പുഞ്ചിരിതൂകി വരവേൽക്കുന്ന പൂക്കളെയും,തടസ്സങ്ങളെ അതിജീവിച്ച് വിശാലമായി ഒഴുകിയെത്തിയ അരുവികളും അവളുടെ മൂകത കുറച്ചു.കാഴ്ചയുടെ മനോഹരമായ ലോകത്ത് മതിമറന്നു നിന്നു പോയ അവളുടെ മനസ്സിലേയ്ക്ക് പെട്ടെന്ന് കാവേരിയുടെ ഓർമ്മകൾ വന്നു.നളിനിയുടെ മനസ്സിൽ പുതുചിന്തകൾ ഉണർന്നു.അവൾ ഒരു ഉറച്ച തീരുമാനം എടുത്തു.എങ്ങനെയും കാവേരിയുടെ ഭയം ഇല്ലാതാക്കണം.ഉടനെ കാവേരി അമ്മയുടെ അടുത്തേക്ക് വന്നു.അവർ ചായയുമായി ഉമ്മറത്തേക്ക് പോയി.അമ്മ കാവേരിയോട് ചോദിച്ചു."വെള്ളിയാഴ്ച്ച ക്ലാസിൽ എന്താണ് സംഭവിച്ചത്".അല്പം

മടിയോടെ കാവേരി പറഞ്ഞു"അത് പിന്നെ .......ക്ലാസിലെ കുട്ടികൾ എനിക്ക് ഇരുട്ടിനെ പേടിയാണെന്നു പറഞ്ഞ് കളിയാക്കി.അത് എന്നെ വല്ലാതെ വേദനിപ്പിച്ചു.അതിരിക്കട്ടെ അമ്മയോടാരാണ് ഇതൊക്കെ പറഞ്ഞത്."നളിനി പറഞ്ഞു"നിന്റെ കൂട്ടുകാരിയായ അച്ചുവിന്റെ അമ്മ.ഇത്രയും പറഞ്ഞിട്ട് അവർ ഇരുവരും സ്വന്തം കാര്യം നോക്കി പോയി.

അന്ന് സന്ധ്യ തുടങ്ങിയ നേരം,നളിനി കാവേരി നോക്കി നിൽക്കെ കുന്നിൻ മുകളിലേക്ക് കയറിപ്പോയി.എവിടെ പോകുന്നു എന്ന കാവേരിയുടെ ചോദ്യത്തിന് ഉടനെ തിരികെ വരാം എന്ന മറുപടി.സന്ധ്യ മയങ്ങും നേരം മറ്റുവീടുകളിലെ ആളുകളെല്ലാം വീടിനുള്ളിൽ തന്നെയായിരുന്നു.ഇരുട്ട് ഏതാണ്ട് എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു.ഭയം കാവേരിയുടെ മനസ്സിനെ തീജ്ജ്വാലയായി മാറ്റി.അവൾ ഇരുട്ടിന്റെ ഭയത്തെ നിലവിളക്കിന്റെ വെളിച്ചം കൊണ്ട് മറച്ചു.നേരം വളരെ വൈകിയിരിക്കുന്നു.അമ്മയെ കാണുന്നില്ല.കാവേരിക്കു പുറത്തിറങ്ങാൻ പേടി.അപ്പോൾ മലമുകളിൽ നിന്ന് ഒരു നിലവിളി അവൾക്ക് അത് തന്റെ അമ്മയുടേതായി തോന്നി.ഉടനെ കാവേരി ഇരുട്ടിന്റെ ഉള്ളിലേക്ക് ഓടി.ഭയത്താൽ ചുറ്റുമുള്ളതെന്തെന്ന് പോലും അവൾ

ശ്രദ്ധിച്ചില്ല. അങ്ങനെ ഓടി തളർന്ന കാവേരിക്ക്
സാന്ത്വനമെന്ന രീതിയിൽ ആരോ അവളുടെ
കൈപിടിച്ചു.കുന്നിൻമുകളിലെ നിലാവിന്റെ
അരണ്ടവെളിച്ചത്തിൽ കാവേരി അവളുടെ അമ്മയെ
തിരിച്ചറിഞ്ഞു.ആ നിമിഷം കാവേരിയുടെ
തീജ്ജ്വാലകളിലേക്ക് അരുവി പുഞ്ചിരിയുണർത്തി.അവർ
കുന്നിൻ മുകളിൽ നിന്ന് താഴേയിലെ ജലം വന്ന് പതിച്ച
ഒരനുഭൂതി അവളിൽക്ക് നോക്കി.ആ ഇരുട്ടിന്റെയുള്ളിൽ
കാവേരി എന്തൊക്കെയോ കണ്ടു.ഇരുട്ട് അവളോട് കഥ
പറയുന്നതായി തോന്നി.നളിനി അവൾക്ക് ഇരുട്ടിന്റെ
ഗുണങ്ങളെയും ദോഷങ്ങളെയും കുറിച്ച് പറഞ്ഞ്
കൊടുത്തു.അങ്ങനെ അരണ്ട വെളിച്ചത്തിൽ പടർന്ന
ഇരുട്ടിനെ അവർ ഇഷ്ടപെട്ടു.
വർഷങ്ങൾക്കു ശേഷം മറ്റൊരു ഗ്രാമത്തിൽ അവളുടെ മക്കൾ
ക്ക് ഇരുട്ടിന്റെ കഥകൾ പറഞ്ഞു കൊടുക്കുന്നു.
മനുഷ്യമനസ്സിലെ ക്രൂരമായ ഇരുട്ടിനെക്കാൾ എത്രയോ
നല്ലതാണ് ഇരുൾനാട്ടിലെ സന്ധ്യമയങ്ങും നേരം.

സ്വാതി എം ആർ

9F

# അന്വേഷണം

ബസ് സ്റ്റോപ്പില്നിന്നും ഇത്തിരിമാറി പടർന്നു പന്തലിച്ചു നിൽക്കുന്ന മരച്ചുവട്ടിൽ ഏറെ നേരമായി അയാൾ നില്ക്കുന്നു.യാത്രയ്ക്കുള്ള തത്രപ്പാടോ കാത്തിരിപ്പിന്റെ വിഹ്വലതകളോ ഏയാളെ ഏലട്ടിയിരുന്നില്ല. മറിച്ച് ദാർശനിക പ്രാധാന്യമുള്ള ചില ചിന്തകൾ അയാളുടെ മുഖത്തെ കീറി മുറിക്കുകയും ത്രസിപ്പിക്കുകയും ചെയ്തിരുന്നു. വൃക്ഷ ശിഖരങ്ങളിൽ കണ്ണ് കൊരുത്ത് അയാൾ വേതാളം തുങ്ങിക്കിടപ്പുണ്ടോ എന്ന് അന്വേഷിച്ചു. വേതാളം ഏതെങ്കിലും സത്യാന്വേഷിയുടെ മാറാപ്പിലായിട്ടുണ്ടാവുമെന്ന് ആശ്വസിക്കെ പെട്ടെന്ന് അയാളുടെ മുഖത്തു ശോകം പരന്നു. ഭാര്യയും ഭർത്താവും കാമുകനും കാമുകിയും വേർപാടിന്റെ വേദന കടിച്ചിറക്കി ഈ മരച്ചുവട്ടിൽ ചുറ്റിപറ്റിനിന്നിട്ടു യാത്ര പറഞ്ഞിട്ടുണ്ടാവും! കഷ്ടം! അയാൾ അറിയാതെ പറഞ്ഞു. പിന്നെ മരത്തിന്റെ തൊലിയിൽ വെറുതെ നഖം കൊണ്ട് കോറിക്കോണ്ടിരുന്നു.

കുറെകഴിഞ്ഞപ്പോൾ അയാൾ മരച്ചുവട്ടിൽ ശ്രീ ബുദ്ധനായി ഇരിക്കുന്നതു കണ്ടു.

തയ്യാറാക്കിയത് - മലയാളം അദ്ധ്യാപിക സുജൈത




# അന്ധകാരം

ഒരു വർണ്ണം മാത്രം എൻ കണ്ണുകൾ കാണുന്നു
പല വർണ്ണമെന്തേ മറഞ്ഞു നിൽപ്പൂ..........
ത്തുകുന്ന വെയിലും പൊഴിയുന്ന മഴയും
വർണ്ണങ്ങളെന്തേ മറഞ്ഞു നിൽപ്പൂ...........

എന്നുള്ളിലെന്തേയൊരിരുട്ടു മാത്രം
സൂര്യനിതെന്തേ മറഞ്ഞിരിപ്പൂ
വെണ്ണിലാവോ നിലാമലരോ
എന്റെ കണ്ണിൽ വരാത്തതെന്തേ......?

ഒരു വർണ്ണമെങ്കിലും കാട്ടിതരുന്നതായി
കണ്ടുവനേകം നിദ്രയിലായി.
ആർത്തിരമ്പും മഞ്ഞുത്തുള്ളിയെ കാണാൻ
ഓർത്തിരമ്പും എൻ കണ്ണുമാത്രം!

# TWO FRIENDS




Once up on a time there was a small village .It's name was srinagar. It is situated in Jammu and Kashmir. It's a beautiful village. In that village there were two girls. Their name were Nisha and Yamini. These two name has the same meaning 'Night'. Every morning they go to temple. One day they saw a girl. Her name was Ajihba. She is a cruel girl. She has a lot of bad habbits. She thinks herself that she is the queen of the school. So all children affraids her orders. But Nisha and Yamini not hears her orders . So ajihba was very angry to both of them. She make a plan to trap Nisha and Yamini .But they have more courage , willpower and confidence.



One day, in their school they planned a trip to go to the Everest. Ajihba introduced a new friend. His name was Ihdaa.In that trip, they make a camp on the mount Everest.Ajihba and Ihdaa together make a plan to push down Nisha and Yamini from the Mount Everest. But this plan was heard by Adif.She tell this matters to Nisha and Yamini. So they also make a plan to trap Ajhiba. They introduce three new friends. Abhishekh,Atmaj and pranav. They informed the class teacher Sajitha before Ajihba began to done her job.Ajihba began to done her plan by ihdaa by trapping Nisha and yamini in the mounteverest.At that time they were enjoying the beauty of immortal natural creations of the god 'The mount Everest'. Sajitha teacher came and shout up . Suddenly,Ajihba shocked and turn forward .Teacher was filled so fuel to the fire. She beated Ajihba and punished her . After that she didn't repeat it again. Ajihba tried to make a good




relation with Nisha and Yamini . They lived happily .

*THE END.*

CHARACTERS

YAMINI
NISHA
AJIHBA
IHDAA
ADIF
THREE KINGS; ABHISHEK,ATMAJ,PRANAV

BY:Nanditha .S.B ,Keerthana .I.S
[9 E]



# *NATURE OF HEAVEN*

***Our nature was blessed with god.***
***Man was linked with nature.***
***What man has made man,***
***so, many little birds are seen-***
***around in our nature.***

***Nature is look like a beauty.***
***It's the gift of god.***
***The thunder, lightning, raining***
***all are the jewels of heaven.***

***The zeus,the god of rain***
***gives us living soul.***
***The phetheon,the god of lighting***
***gives as new raise.***
***The clemana the godess of love***
***gives us fraternity.***

***So, lets join the hands, forever***
***calm,beauty, precious***
***nature of heaven.***

**SURYA. S.G**
***KEERTHANA I.S***

# *On Christmas eve you hear a strange noise on the roof.....*

One evening, all around the world people is celebrating christmas. On evening Alok, Ananya, Mikhil, Lijo, Limi and Liya are going to christmas eve. They are singing a song. On night they are going to eve, Alok had hear a strange noise on the roof. They will fear, they heard a loud noise. Liya and Limi was cried.

‘All will not cried. Today is christmas. This is a happy day.’Alok said. They will energetic. “What is this strange noise on the roof?” Said Ananya. “I don’t know.”said Mikhil. “Come we will go the back side of the house. Ya! Sure we go the back on the house. Liya and Limi you will not fear, you will pray with our god, you have no fear, you will have energy and energetic.”said Lijo. “Ya! Sure brother. we will not cried.” Said Limi. “Ok come let’s go do not speak you come with me if you please silence.” Said elder brother Alok. “Ok then will go to the back side. All children was silence and slow motion.” Mikhil said. You will stay there. Lijo bro and I will go to seen what happened.

Wow! Lijo bro, Sa..... Sa.... Santaclaus. Ya Mikhil santaclaus. What a beautiful person? Look at that on the roof there was a deere vehicle of a santaclaus. Mikhil you call the children said Lijo. Ya sure bro. What happened Lijo said Alok. Look at that Wow! Amazing.

Santaclaus was seen and they laugh Ha.... Ha.... Oh santaclaus. The children were hug the santaclaus and said. Come I will drop you for the christmas eve. Wow! Hurry they will go the vehicle and santaclaus was drop on the tree give a gift for the children.

Santaclaus said that all you love god and christmas.

**RIYA LEGIKUMAR**
**9F**

# സ്നേഹത്തിന്റെ വില

ഒരിടത്ത് ഒരു അച്ഛനും
മകളും താമസിച്ചിരുന്നു. അവർ വലിയ
കഷ്ടപ്പാടിലായിരുന്നു. ഒരു കുഞ്ഞു
കുടിലിലിലായിരുന്നു അവരുടെ താമസം.
അവർ രണ്ടു പേരും മാത്രമേ ആ വീട്ടിൽ
ഉണ്ടായിരുന്നുള്ളൂ. അവൾ ജനിച്ചപ്പോൾ
തന്നെ അവളുടെ അമ്മ മരിച്ചുപോയിരുന്നു.
ആ അമ്മയെ ഓർത്ത് അവൾ എന്നും
കരയുകയും ചെയ്യുമായിരുന്നു.
അങ്ങനെയിരിക്കെ ഒരു
ദിവസം അവളുടെ അച്ഛൻ എന്നും അവർ

എഴുന്നേൽക്കുന്നതിലും നേരത്തെ എണീററു.അവൾ എന്തോ ശബ്ദം കേട്ടോ എങ്ങനെയോ ഞെട്ടി ഉണർന്നു. അപ്പോൾ അവളുടെ അച്ഛൻ ഏതോ ഒരു സാധനം തിരയുന്നതുപോലെ, അവിടെയും ഇവിടെയും ഓടി നടന്ന് എന്തോ നോക്കുകയാണ്. അപ്പോൾ അതുകണ്ടുനിന്ന അവൾ തന്റെ അച്ഛനോടു ചോദിച്ചു എന്താണ് അച്ഛാ താങ്കൾ തിരയുന്നത്. അപ്പോൾഅവളുടെ അച്ഛൻ പറഞ്ഞു മോളേ ഞാൻ ഇവിടെവിടെയോ കുറച്ചു നാണയങ്ങളും 5 രൂപയുടെ ഒരു നോട്ടും വച്ചിരുന്നു. നീ അതുകണ്ടോ, ഇപ്പോൾ ഇവിടെ ഒരിടത്തും അത് ഇല്ലല്ലോ നീ അത് എടുക്കുകയോ

മറ്റോ ചെയ്തിരുന്നോ? അതാണോ അച്ഛാ അതു

ഞാൻ എടുത്തു എന്നിട്ട് അത് അതിന് അനിവാര്യമായതും സുരക്ഷിതവും ആയ ഒരു സ്ഥലത്തു വെച്ചു. എന്റെ പെട്ടിയിൽ അതിപ്പോൾ ഞാൻ എടിത്തിട്ടു വരാം. അവൾ അത് എടുക്കുവാൻ വേണ്ടി ഓടി പോയി പെട്ടി തുറന്നു നാണയങ്ങളും കാശും എടുക്കാന്നതിനിടയിൽ അവൾ അവളുടെ അമ്മയുടെ ഫോട്ടോ കണ്ടു. അപ്പോൾ അവളുടെ അമ്മയെ അവൾ ഓർത്തു അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഇതിനിടയിയൽ അവൾ അച്ഛന അദ്ദേഹത്തിന്റെ കാശു

കൊടുക്കുന്ന കാര്യം അവൾ മറന്നുപോയി. അവളുടെ അച്ഛൻ കാത്തു നിന്നു ക്ഷീണിച്ചു. അദ്ദേഹം അവളെ വിളിച്ചു. അപ്പോൾ ആണ് അവൾ ആ കാര്യം ഓർത്തത് അവൾ വേഗം കണ്ണുനീർ തുടച്ചുകളഞ്ഞ് കാശുമായി അരികിൽ എത്തി. അച്ഛൻ അവളോടു ചോദിച്ചു ,"മോളേ നീ ഇത്രയും നേരം അവിടെ എന്തെടുക്കുകയായിരുന്നു. അവൾ പറഞ്ഞു അച്ഛൻെറ നാണയങ്ങൾ എൻെറ പെട്ടിയുടെ ഇടയിൽ അകപ്പെട്ടു ഞാൻ അതിനെ

എടുത്തുകൊണ്ടിരിക്കുകയായിരുന്നു.

അവളുടെ അച്ഛന് കാര്യം മനസിലായി. പക്ഷേ അദ്ദേഹം ഒന്നും മിണ്ടിയില്ല.ആ

കാശു കൈയിൽ നിന്നു വാങ്ങിയ ശേഷം

അയാൾ അവളുടെയടുത്തു പറഞ്ഞു മകളേ

ഞാൻ പീഡികവരെ

ഒന്നു പോയേച്ചുവരാം സാധനങ്ങൾ

തീർന്നു തുടങ്ങി. ഇത്രയും കാശിനു

എന്തുകിട്ടുമോ എന്തോ? ഇപ്പോൾ

സാധനങ്ങൾക്ക് എന്താ വില, തീപ്പിടിച്ച

വിലയാ, അവളുടെ നാക്കിന്റെ തുമ്പിൽ

തന്റെ അച്ഛനോടുപറയാൻ അവൾ

ഉദ്ദേശിച്ചു വച്ചിരിന്നു പക്ഷേ എന്തോ

കാരണവശാൽ അവൾ അതു പറഞ്ഞില്ല.

ആ വാക്യം ഇങ്ങെയായിരുന്നു. അച്ഛൻ

പീഡികയിൽ നിന്ന് എനിക്കു ഒരു

കുഞ്ഞുപെൻസിലും കുറഞ്ഞ ഒരു

പുസ്തകവും അല്ലെങ്കിൽ കുറച്ചു നൂലും

സൂചിയും പുസ്തകം തയ്ക്കുവാൻ

വേണ്ടിയാണ്. അച്ഛന്റെ ഒരു നേരത്തെ

ഭക്ഷണത്തിനു വേണ്ടിയുള്ള ഈ

കഷ്ടപ്പാടു കണ്ടപ്പോൾ അവൾ തന്റെ

പഠിത്തവും വരെ വേണ്ട എന്നുവച്ചു.

പക്ഷേ അവൾ ഈ കാര്യം തന്റെ

അച്ഛനോടു പറഞ്ഞിരുന്നെങ്കിൽ തന്റെ

പ്രിയപുത്രിക്കു വേണ്ടി അയാൾ എന്തു

ത്യാഗവും സഹിച്ച് അവൾക്കുവേണ്ടി അത്

അദ്ദേഹം വാങ്ങികൊണ്ട് വരുമായിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ രണ്ടോ മൂന്നോ

ആളുകൾ വന്ന് അവരുടെ

അടഞ്ഞു കിടന്ന കതകിൽ മുട്ടി

ആരാണെന്നറിയാതെ അവൾ

ജനാലയിലൂടെ എത്തിനോക്കി അപ്പോൾ

അവൾ കണ്ടത് അയൽപക്കത്ത്
താമസിക്കുന്ന രണ്ടു സ്ത്രീകൾ ആയിരുന്നു.
അവർ മെല്ലെ വാതിൽ തുറന്നു. അവർ
തമ്മിൽ സംസാരങ്ങൾ തുടങ്ങി. അവൾ
അപ്പോഴാണ് അടുപ്പത്തു വച്ചിരുന്ന
ചൂടുവെള്ളത്തിന്റെ കാര്യം അവൾ
ഓർത്തത്. അവൾ വേഗം
തിരിച്ചുവരുമെന്ന് പറഞ്ഞതിനു ശേഷം
അവൾ അകത്തേക്കു കയറിപ്പോയി
അവളുടെ മനസ്സിൽ, തന്നെ ചൂടുവെള്ളം
രക്ഷിച്ചു എന്നായിരുന്നു. കാരണം അവൾ
അവരുടെ സംസാരം കേട്ട് മുഷിപ്പു
തോന്നി. അതിനുശേഷം അവൾ വേഗം
വാതിലടച്ചു പിന്നെ അവൾ പുറത്തേക്കു
വന്നില്ല അവളെ കാത്തിരുന്ന അവൾ

വരില്ല എന്നു കണ്ടപ്പോൾ അവർ

തങ്ങളുടെ വീടുകളിലേക്ക് തിരികെ പോയി.
കുറച്ചു കഴിഞ്ഞപ്പോൾ അകത്തു
നിന്നു പൂട്ടി ഇട്ടിരിക്കുന്ന വാതിലിൽ ആരോ
മുട്ടുന്നതു കേട്ട് എന്തോ ആലോചിച്ചിരുന്ന
അവൾ ഒരു ഞെട്ടലോടെ ഉണർന്നു.
അതിനുശേഷം നേരെ ചെന്ന് അവൾ

വാതിൽ തുറന്നു.

അവ് അവളുടെ അച്ഛനായിരുന്നു.
അദ്ദേഹം ഒരു കൈയ്യിൽ കവറുമായി

നിൽക്കുന്നു. അവളുടെ അച്ഛൻ അകത്തു
കയറി അകത്തു ഇട്ടിരിക്കുന്ന ഒരു നിറം
മങ്ങിയ കസാരയിൽ ഇരുന്നു എന്നിട്ട് ആ
കവറിൽ നിന്ന് ഒരു കുറഞ്ഞ പുസ്തകവും
ഒരു പെൻസിലും എടുത്ത് അവളുടെ

കൈയ്യിൽ കൊടുത്തു. അപ്പോൾ അവൾക്കു മതിയെന്നില്ലാത്ത സന്തോഷവും അതിശയവും തോന്നി. ആ സമയത്ത് അവളുടെ അച്ഛൻ പറഞ്ഞു മോളേ ഞാൻ ഇന്നലെ നിന്റെ മുറിയിൽ തീർന്ന പെൻസിലും തീർന്ന പുസ്തകവും കണ്ടിരുന്നു. അത് വാങ്ങുവാൻ വേണ്ടിയാണ് ഞാൻ അതിരാവിലെ പോയത്. അതുകൂടി കേട്ടപ്പോൾ അവളുടെ കണ്ണുകളിൽ നിന്ന് ആനന്ദാശ്രുക്കൾ പൊഴിഞ്ഞു. അവൾ അച്ഛന് നന്ദി പറഞ്ഞു.

ശ്രീപദ്മ

7C



# പുതുമഴ

മഴയെ മഴയെ നീ പെയ്യുമ്പോൾ

ആകാശം ആകെ മാറുന്നു

തുള്ളിക്ക് ഒരു കുടമായി നീ പെയ്യുന്നു

എന്തൊരു ഭംഗിയായി നീ പെയ്യുന്നു

പുഴകൾ കവിഞ്ഞ് ഒഴുകുന്നു

എന്തൊരു മഴ പുതുമഴ {2}

തുള്ളി തുള്ളി ആയി നീ പെയ്യുന്നു

എന്തൊരു രസമായി നീ പെയ്യുന്നു

മഴയെ മഴയെ മഴയെ നീ പെയ്യൂ....

വൈഷ്ണവി.യു.എസ് .,,5B.



# NATURE

*Nature is my mom*
*Flowers blossom at morning*
*To welcome the sun*
*The sun comes with a laugh*
*And go with a cry*

*The dew drops clinging on the*
*the grass vanish like a*
*magician.*
*The Raindrops comes to earth*
*And also disappear*

*Earth is the heaven*
*Nature is the Angel*
*All creatures are the pearls*
*Separate from the goddess*

*The sky and river flows*
*They doesn't see each other*
*But they know; they are twins*

*Honest nature consists many wonders*
*She is calm, quiet and honest*
*But sometimes she reveals*
*the face of angry*

And make the earth
More reddy
It makes the heart
more beauty

Nature is the mom
It cools very faster
And she is the goddess
We pray to her for our wishes
But she lives there for us
Nature leads us to our Aim

# <u>പ്രകൃതിയോട്</u>

ഹാ! പ്രകൃതി നിൻ മാറിൽ
ചാഞ്ഞുറങ്ങുമീ മരതകമണിമുത്തുകൾ ഞങ്ങൾ
മധുവാഹിനിനിയാം പുഷ്പകിരീടം ചാർത്തി
ലോകം തൻ മാതാവായ് പ്രകൃതി
ജീവന്നാധാരമാം പ്രകൃതി നീൻ
സൗന്ദര്യമാണെൻ ലഹരി
വൃക്ഷ-പുഷ്പലതാദികൾ നിറഞ്ഞുനിൽക്കുമീ
പ്രകൃതി തൻ ആത്മമിത്രങ്ങൾ ഞങ്ങൾ
എന്നിട്ടുമെന്തേ പ്രകൃതി നീ മനുഷ്യനു
ചൂഷണാവസരമായി............?
എന്തുകൊണ്ടെല്ലാം കേൾക്കാത്ത ഭാവത്തിൽ
മനുഷ്യനനുക്കൂലിയായി..........?
നിന്നാത്മമിത്രങ്ങളാം നദികളെ
മാനുജർ മലിനമാക്കിയിട്ടും
എന്തിനു നീ എൻ പ്രകൃതി
മൗനപാലിതയായി.............?
നിൻ കരുത്തിന്നാധാരമാം കുന്നുകൾ
ഇടിച്ചു നിരത്തുമീ മനുഷ്യനെ
എന്തിനു നീ പാലിക്കുന്നു
എൻ പ്രകൃതി..........?
നിൻ വായു ദാതാക്കളായ വൃക്ഷങ്ങളെ
മനുഷ്യർ വെട്ടിനശിപ്പിച്ചിട്ടും
എന്തിനു പ്രകൃതി നീ മനുഷ്യർക്കു
വായുവിൻ ദാതാക്കളായി?
എന്തിനെൻ പ്രകൃതി നീ
നിൻ ആത്മമിത്ര ചുഷണകാരികളാം
മനുഷ്യർ തൻ സംരക്ഷകരാകുന്നു?
ഉത്തരം തരൂ.......ഉത്തരം തരൂ.......
ഉത്തരം തരൂ..........................

-അർച്ചിത എസ്.ആർ (8 എ)



*__Nature__*

As early in the morning
I saw the red blood of the sky.
It looks me curiously with a little smile
And gave me its bless
It spread all over the world
The blossom flowers touch the heart of the bee
The song of fluttering its wings
Gave energy to all lovers
They laugh loudly and sun look down
They together say *“Thank you for a lovely day”*
*Its the symbol of peace*
*The heart of the sky flows*
*In all our minds*
*It quenches the thirst of earth*
*And gave a new life to all*
*Its the symbol of love*
*The sun fades away along the magical wood*
*A new world appear in our mind*
*The Daddy soul of honest appear with its sons*
*They blink its eyes with a beauty heart.*
*The soul of honest sleep the earth*
*On its lapse*
*Its Nature………Its Nature*
*It was the lost soul of Peace Love and Honest*
*Its leads a man*
*How to live close to its surrounding.*

*Renjitha s.s*
*9F*

# മഴ പെയ്യുമ്പോൾ

മഴ പെയ്യുമ്പോൾ കുയിൽ പാടുന്നു
മഴ പെയ്യുമ്പോൾ നദി ചിരിക്കുന്നു
പാട്ടുപാടുന്ന കുയിലേ നിൻ മൃദു-
ഗാനം എന്നിൽ കുളിരേകുന്നു.
മഴയിലൂടെ നദി ചിരിക്കുന്ന മൃദുശബ്ദം
എന്റെ കാതിനിമ്പം ഏകുന്നു.
മഴയായ് കുയിൽ പാടുന്നു
മഴയായ് നദി ചിരിക്കുന്നു.

മഴപെയ്യും നേരത്ത് നൃത്തമാടുന്ന മയിലേ
നിൻ നൃത്തം എന്നിൽ സന്തോഷം പകരുന്നു.
മഴയായ് മയിൽ ആടുന്നു..........

മഴയേ നീ കരയുകയാണോ?
അതോ നിൻ ആനന്ദാശ്രു നി
പൊഴിക്കുകയാണോ?


നിൻ കുളിർ എന്നിൽ
തളിർമലർ പോലെ കുളിർ ഏകുന്നു.
മഴപെയ്യുമ്പോൾ ലോകം സന്തോഷം
കൊണ്ട് പൊട്ടിച്ചിരിക്കുന്നു.



# ***FATHER OF OUR NATION***

***Father of our nation is MR.Mohandas Karamchand Gandhi popularly known as Mahatma Gandhi,Gandhiji MK Gandhi was born on october 2 nd at Porbendar, Gujarat.He was the son of MR.Karamchand Gandhi and MRS. Puthali bhai.He married Kasthurba Gandhi at the age of 13.He go to England  for the education of LLB.He is not only a freeedom frighter but also a advocate.***

***The way of Gandhiji was sathyagraha , Non violence.His first satyagraha was champaran satyagraha***

at Bihar it was a starting point to his life. Then he led so many satyagrahas like Indigo revolt ,Khed satyagraha , Non cooperation movement ,Quit India , Dandi march . In 1930 Mahatma Gandhi and his 73 followers marched from Sabarmathi Ashram to Dandi beach by walking and break the salt law. There is a story behind how Mohandas Karamchand Gandhi become Mahatma Gandhi. After completing studies at England Gandhiji went back to India there he saw a women washing her clothes . She wash the clothes in a different manner because she has only one clothe. So she wash the lower cloth first while wear the upper clothes and after washing the lower cloth she wear it and wash the upper cloth.This make gandhiji to reject clothes.

Amritha T.S
9F

# മഴ പെയ്യുമ്പോൾ

മഴ പെയ്യുമ്പോൾ കുയിൽ പാടുന്നു
മഴ പെയ്യുമ്പോൾ നദി ചിരിക്കുന്നു
പാട്ടുപാടുന്ന കുയിലേ നിൻ മൃദു-
ഗാനം എന്നിൽ കുളിരേകുന്നു.
മഴയിലൂടെ നദി ചിരിക്കുന്ന മൃദുശബ്ദം
എന്റെ കാതിനിമ്പം ഏകുന്നു.
മഴയായ് കുയിൽ പാടുന്നു
മഴയായ് നദി ചിരിക്കുന്നു.

മഴപെയ്യും നേരത്ത് നൃത്തമാടുന്ന മയിലേ
നിൻ നൃത്തം എന്നിൽ സന്തോഷം പകരുന്നു.
മഴയായ് മയിൽ ആടുന്നു..........

മഴയേ നീ കരയുകയാണോ?
അതോ നിൻ ആനന്ദാശ്രു നീ
പൊഴിക്കുകയാണോ?
നിൻ കുളിർ എന്നിൽ
തളിർമലർ പോലെ കുളിർ ഏകുന്നു.
മഴപെയ്യുമ്പോൾ ലോകം സന്തോഷം
കൊണ്ട് പൊട്ടിച്ചിരിക്കുന്നു.

ശ്രീ പദ്മ

7.സി

# അരവിന്ദന്റെ അതിഥികൾ-ഒരാസ്വാദനം

ശ്രീ എൻ മോഹനൻ സംവിധാനം ചെയ്ത ശ്രീ പ്രദീപ് കുമാർ നിർമ്മിച്ച ഈ സിനിമയിൽ വിനീത് ശ്രീനിവാസൻ,ശ്രീനിവാസൻ,നിഖില വിമൽ എന്നിവരാണ് മുഖ്യ കഥാപാത്രങ്ങൾ.ഉർവ്വശിയും ശാന്തികൃഷ്ണയും ചില പ്രധാന റോളുകളിൽ ഉണ്ട്.

മൂകാംബിക ക്ഷേത്രത്തിന്റെ പരിസരത്താണ് കഥ രൂപപ്പെടുന്നത്.അഞ്ചുവയസ്സുമാത്രം പ്രായമുള്ള അരവിന്ദൻ എന്ന കുട്ടിയെ ഒരു നവരാത്രി ദിവസം അമ്പലപരിസരത്ത് അമ്മ ഉപേക്ഷിക്കുന്നിടത്താണ് കഥ ആരംഭിക്കുന്നത്.

ഒരു കമ്മ്യൂണിസ്റ്റും അവിശ്വാസിയുമായ മോഹനൻ എന്ന ഹോട്ടലുടമ അവനെ ഏറ്റെടുക്കുകയും സാമൂഹ്യസേവനത്തിലും കലയിലും അഭിരുചിയുള്ളവനായി വളർത്തുകയും ചെയ്യുന്നു.സകുടുംബം അരങ്ങേറ്റത്തിനായി അമ്പലത്തിൽ എത്തുന്ന വരദ,അരവിന്ദന്റെ പല പ്രവർത്തനങ്ങളിലും ആകർഷകയാകുന്നു.

തന്റെ ബാല്യത്തിലെ ചിത്രങ്ങൾ അരവിന്ദൻ വരദയ്ക്ക് സമ്മാനിച്ചത് കഥയ്ക്ക് വഴിത്തിരിവാകുകയും ചിത്രസഹായത്തോടെ അരവിന്ദന്റെ മാതാവിനെ കണ്ടെത്തുകയും ചെയ്യുന്നു.

മനോഹരമായ കാഴ്ചകൾ ഉള്ള വൈകാരികാംശമുള്ള കഥ പഴമ തീർത്തും നഷ്ടപ്പെടുത്താത്തതും ഗൃഹാതുരതയുണർത്തുന്നതും സിനിമയുടെ ഗുണവശങ്ങളാണ്.അനുവാചകർ ഒരു ചോദ്യവും ചോദിക്കാനില്ലാതെ പുഞ്ചിരിയോടെ പുറത്തുവരുന്ന കാഴ്ച രസകരമാണ്.ലളിതനർമ്മങ്ങൾ ,മികച്ച കാസ്റ്റിങ് ,വൈകാരികാവതരണം,നല്ല കാഴ്ച്ചാശീലങ്ങൾ,ജൈവികത ഉള്ള കഥാപാത്രങ്ങൾ എന്നിവ ഈ ചെറിയ കാൻവാസിലൂടെ സംവിധായകൻ കാട്ടിതരുന്നു.


തയ്യാറാക്കിയത്: ഷീജ ആർ എസ്

മലയാളാധ്യാപിക



# HOPE FOR A GUEST

*Once upon a time, there lived a king named Ashoka and his wife named Izza. It was a beautiful village named Hamelin village. There was only 500 people in that village. The king was very cruel. His wife was a kind women. Every new moon days many people are killed in an unstrangable way. The rich people lived in bungalows were killed. So the king decided to bring a witch. He announced every village people to be careful. The witch reached the village. When he reached the village he was able to understand what was happening to the village and what was the reason behind the murder. The reason was that the king killed a poor girl named Sybil. For attaining a magical power the king killed Sybil in new moon day. She born in november14. She was a special girl. She was very beautiful. She was a kind girl who sacrifices every thing for the well being of others. She was a 20 year old girl.The king called Sybil to the palace by telling a lie that Izza was not well. She was an ayurvedic physcian.When she reached the palace the king said that Izza was shifted to a hut behind the fort.The king and his two relatives moved on to the forest.The hut was in the middle of the forest.The hut was thatched with hay.They reached the hut.The king said sybil to enter into the hut to lookafter izza.The kind hearted sybil entered into the hut and suddenly the door was locked.When she entered into the hut she did not see anything there.At that time,The cruel king fired the hut.Sybil noticed that the hut was catched*



***with fire.She cried loudly for help.The merciless king and his relatives moved on to the palace .But the king did’nt got the magical powers . Her soul is soaring around the village .The witch narrate all this incidents to king and his wife .Izza was upset .The king asked the remedial measures to solve the problem to the witch .The measures will solve only with the death of the king .So the king and his relatives decided to move on to other village through the forest.It was on a new moon day .After a long journey they get tired.At that time they saw a hut .They hear some strange voices.It was a girls voice. She was yelling for help.They re constructed their memories about Sybil. Suddenly the voice disappeare. They ran away. They fell into a pit.Suddenly a fire came up from the sky.Their voice soared in the forest.They dead.The villagers lived happily forever.***

***BY***

**????**

# <u>വറ്റിവരണ്ട ഭൂമി</u>

വറ്റിവരണ്ട ഭൂമി
എങ്ങും വിള്ളലുകൾ മാത്രം
വൃക്ഷങ്ങൾ കരിഞ്ഞുണങ്ങുന്നു
ജനകോടുകളുടെ ചുണ്ടുകൾ വരളുന്നു

[വറ്റിവരണ്ട ————മാത്രം]

പക്ഷിമൃഗാതികൾ അങ്ങോട്ടും ഇങ്ങോട്ടും പായുന്നു
വറ്റിവരണ്ട ഭൂമി
ഒരിറ്റു ജലത്തിനായി കേഴുന്നു ഭൂമി
കുഞ്ഞുപൈതലിൻ ചുണ്ടുകൾ വരളുന്നു
മാതൃത്വത്തിൻ മനസ്സുകൾ വിതുമ്പുന്നു

[വറ്റിവരണ്ട———മാത്രം]



തോടുകൾ അരുവികൾ
വറ്റിവരളുന്നു
പക്ഷികൾ മൃഗങ്ങൾ
ജലത്തിന്റെ കള കള
നാദത്തിനായി
കാതോർത്തിരിക്കുന്നു

[വറ്റിവരണ്ട
————മാത്രം]

സ്വാതി എം ആർ
9 F

___________________________

# കലാ രൂപം:തെയ്യം,കഥകളി



തെയ്യങ്ങൾ പലതരത്തിലുണ്ട് എനിക്ക് അതിൽ ഏറ്റവും ഇഷ്ടം കതവന്നൂർ വീരൻാണ് മാങ്ങാട്ട് മണിഗ്രാമത്തിന്റെ മായാത്ത ഓർം എന്ന മന്ദപ്പൻ എന്ന് നാമമാണ്. ഈ തെയ്യത്തിന്റെ കഥാപാത്രമാണ് മന്ദപ്പൻ, ചെമഴന്തി, നേരമ്മായി, നേരമ്മാവൻ, അങ്ങനെ അനേകം. ഉത്തരകേരളത്തിൽ പ്രചാരമുള്ള തെയ്യങ്ങളുടെ കൂട്ടത്തിൽ പ്രശസ്തമായ ഒന്നാണ് കതവന്നൂർ വീരൻ പുണ്യാത്മകളായ വ്യക്തകളോ ധീരൻമാരോ മരണാന്തരമായ ദൈവിക പരിവേഷം നൽ കി തോയ്യമായി ആരാധിക്കാറുണ്ട് അതിൽ ഒന്നാണ് കതവന്നൂർ വീരൻ. ഈ തെയ്യത്തെ കുറിച്ച് വിവരിക്കാം മേളിയില്ലത്തെ കുമരപ്പന്റെയും പരക്കിയില്ലത്തെ ചക്കിയമ്മയുടെയും മകനാണ് മന്ദപ്പൻ. സ്വന്തം ജീവൻ കൊടുത്ത് നാടിനെ രക്ഷിച്ചത് കൊണ്ടാണ് മന്ദപ്പനെ തെയ്യമായി ആരാധിക്കുന്നത്. പനയോലകൊണ്ട് തൊപ്പിയുണ്ടാക്കി അണിയുന്നത്. കേരളത്തിൽ ഇങ്ങനെ രണ്ടും മൂന്നും

തെയ്യങ്ങളുണ്ട്. അതിൽ ഭദ്രകാളി ധാരികനെ വദിക്കുന്നതായാണ് പടച്ചുട്ട ധരിച്ച ഉടയാട്ടകൾ ഇട്ട തനെ മോഷമായി സംസാരിച്ച തന്റെ പിതാവിനെ പറ്റിയും മാതാവിനെ പറ്റിയും അനാവിശ്യം പറഞ്ഞ ധാരികനെ വധിക്കുന്നതാണ് ഈ തെയ്യം. നാം സ്നേഹിക്കുന്ന പല കലകളും നമ്മെ സ്നേഹിക്കുന്നത് ആവണം.




**<u>കഥകളി:-</u>** കഥകളിയിൽ പല സ്ത്രീ വേഷങ്ങളും പുരുഷ വേഷങ്ങളും ഉണ്ട്. പച്ച, മിനക്ക്, കത്തി, താടി അങ്ങനെ എനിക്ക് കഥകളി കാണാൻ ഏറ്റവും ഇഷ്ടമാണ്.

തെയ്യം ഉത്തര കേരളത്തിലാണ് കാണപ്പെടുന്നത്. വടക്കൻ കേരളത്തിലാണ് കൂടുതൽ കഥകളി കാണപ്പെടുന്നത്.

7 C

അമൃത എസ് ബിജു

# ഓർമയിലെ മഴ മധുരങ്ങൾ



സൂര്യൻ മറഞ്ഞ് ആകാശമിരുളുമ്പോഴേക്കും. മുറ്റത്തെ ചവിടിട്ട പടിയിൽ ഞാൻ ചെന്നിരുക്കും. മഴയെ പുറന്തള്ളാനുള്ള ആകാശത്തിന്റെ വീർപ്പുമുട്ടൽ എനിക്ക് ഇഷ്ടമാണ്. ഒരു മഴ തുള്ളി ഭൂമിയിൽ പതിച്ച് തുടങ്ങിയാൽ എനിക്ക് തുടരെ തുടരെ പുഞ്ചിരി വരും. മുറ്റത്തിരിക്കുമ്പോൾ മഴമുത്തുകൾ വീടിന്റെ കൂരയിലൂടെ ഉരഞ്ഞ് വന്ന് എനിക്ക് മുന്നിലായി അതിരുവരക്കും. മിക്ക മഴകളിലും ഞാനാതിര് മറികടന്നിട്ടുണ്ട്. എനിക്ക് അത്രയ്ക്ക് വല്ലായികയോ അമ്മയുടെ വിലക്ക് ചേതിക്കാൻ കഴിഞ്ഞിലെങ്കിലോ മാത്രം അതിരു കടക്കില്ല. മഴയത്തു ഞാൻ ഇറങ്ങിയില്ലെങ്കിൽ കൂടി മഴ തന്റെ ഒരുതുള്ളിയെങ്കിലും ശിരസിലേക്ക് എറിഞ്ഞ് തരും. ഞാൻ ആ തുള്ളി ഇതുവരെയും നഷ്ടപെടുത്തിയിട്ടില്ല.

മരങ്ങൾ തന്റെ മേൽ മഴ വീണ് ആഹ്ളാദിക്കുമ്പോൾ എന്നെ നോക്കി പുഞ്ചിരിക്കുന്നതായി എനിക്ക് തോന്നി. പകലിലോ സന്ധ്യയിലോയാണ് മഴ പെയ്യുന്നതെങ്കിൽ പടിപ്പുറത്ത്

നോക്കിയിരിക്കും. എന്നാൽ രാത്രിയാണെങ്കിൽ പുറത്തുള്ള ഊഞ്ഞാലിൽ നിന്നു ഞാൻ ഒരടി അനങ്ങില്ല. എന്തുരസമാണെന്നോ രാത്രിമഴ കാണാൻ............! മരങ്ങൾ തന്റെ ശിഖരങ്ങൾ നീക്കി, അടുത്ത് ആകാശത്ത് ചിത്രം വരക്കുന്നത് ഞാൻ കാണാറുണ്ട്. മഴ അതിന് കൂട്ട് നിൽക്കും.

ഞാൻ കുഞ്ഞായിരുന്നപ്പോൾ വീടിന് ചുറ്റു വീഴുന്ന മഴ നാരുകൾ മേലിൽ കൊരുത്ത് ചുറ്റും ഓടുമായിരുന്നു. വീടിന്റെ മുമ്പിലുള്ള ടാർ ഷയെ മഴ വിർത്തിയാക്യതിന് ശേഷം അതിൽ കെട്ടി നിൽക്കുന്ന മഴ വെള്ളം എന്റെ മേലിൽ ഞാൻ കുത്തിയൊഴിക്കുമായിരുന്നു. തന്റെ ചെറു തണ്ടുകൾ ഒടിച്ച് ഇലകളിൽ തങ്ങി നില്ക്കുന്ന മഴ വെള്ളം മരങ്ങൾ നുകരുന്നത് കാണാൻ കഴിയും.ഒരു ഊക്കൻ മഴകഴിഞ്ഞ് ചാറിത്തുടങ്ങുമ്പോൾ നല്ല കൂടാരം പോലുള്ള മുല്ല ചെടിയുടെ താഴെ ചെന്നു നിന്ന് അതിനെ കുലുക്കുമ്പോൾ പൂത്തു നിൽക്കുന്ന മുല്ല പൂക്കളും മുല്ലയുടെ സുഗന്ധം മുഴുവൻ ഊറ്റി കുടിച്ച മഴ തുള്ളികളും   എന്നെ നനയ്ക്കാറുണ്ട്. എപ്പോഴും എന്റെ ഏറ്റവും അടുത്ത സുഹ്രത്ത് മഴയാണ്. എന്റെ അമ്മ ഒരിക്കൽ സ്വർണ്ണ മഴ പെയ്താൽ എങ്ങനെ ഉണ്ടായിരിക്കും എന്നു പറഞ്ഞു. എന്നാൽ എനിക്ക് ആ മഴ ഇഷ്ടമല്ല. മനുഷ്യന്റെ ആർത്തിക്കും അഹങ്കാരത്തിനും പ്രകൃതി കൂടികൂട്ടുനില്ക്കുംപോലെ ആകും അത്. എന്റെ അമ്മുമ്മയുടെ നാട്ടിൽ ചെന്ന് കാണണം മഴ. ഓടിട്ട വീട്, ഗ്രാമസൗന്ദര്യം, നിറഞ്ഞ പ്രദേശം, അരുവി, തോട്, പാറ, മരങ്ങൾ അങ്ങനെ ഒരുപാട്. തണലിന്റെ നിഴലിൽ മാത്രമേ ഞാനാ വീടിനെ കണ്ടിട്ടുള്ളു.

വീട്ടിൽ നിന്ന് വടക്കുഭാഗമൊക്കെ റബ്ബർ ക്കാടാണ് മഴപെയ്തു തുടങ്ങിയാൽ ഞങ്ങൾ എല്ലാവരും കൂടി ചുള്ളി പറക്കാൻ പോകും. താഴ്ചയും ഉയരവുമായ ആ മണ്ണിൽ വലിയ ചുള്ളികൾ ആദ്യം പറക്കുന്നത് ഞാനായിരിക്കും ചെറുത് അനിയനും. ചുള്ളി പറക്കികഴിഞ്ഞാൽ പിന്നെ ആ പ്രദേശം മുഴുവൻ ഓടി കളിക്കും. വീട്ടിലേക്ക് കെട്ടഴിച്ച് കൊണ്ട്

പോകുന്ന പശുവിന് ഒരുപാട് പ്ലാവില പറക്കികൊണ്ട് കൊടുക്കും. അതിന്റെ അരം പോലുള്ള നാക്ക് വച്ച് നക്കി തരും. ഇങ്ങനെയാണ് അതിന്റെ വിശേഷങ്ങൾ. ചുള്ളിപറക്കികഴിഞ്ഞാൽ നങ്ങൾ മാങ്ങ പറിക്കാൻ പോകും. വരിക്കതൊളിച്ചുണ്ടൻ, മൂവാണ്ടൻ അങ്ങനെ പലതരം മാങ്ങകൾ. വല്യച്ചൻ പറിക്കും നങ്ങൾ ക്യാച്ച് പിടിച്ച് കുടക്കകത്ത്ട്ടും.

മഴ അല്പം തോർന്നതിന് ശേഷം ഞാനും അച്ഛനും ചേച്ചിയും കൂടി മീൻ പിടിക്കാൻ പോകും, വലിയ തടാകത്തിൽ പോകുന്ന വഴിക്ക് " നഗരത്തിൽ താമസിക്കുന്നത് കൊണ്ടാണോ ഗ്രാമത്തിൽ ആഘോഷം എന്ന് പലവരും എന്റെയടുത്തും അച്ഛന്റെക്കൂടെയും ചോദിക്കാറുണ്ട് " അച്ഛൻ ഒരു വശത്തൂടെ മീനുകളെ ഓട്ടിച്ച് കൊണ്ട് വരും. മറുവശത്ത് നങ്ങൾ പിടിക്കും. വെള്ളത്തിൽ തോർത്ത് താഴ്ത്തിവയ്ക്കും. മീൻ കുടുങ്ങും. 15 മീൻ കിട്ടിയാൽ 10 മീനും രാത്രിതന്നെ ബക്കറ്റിൽ നിന്നും ചാടിച്ചാവും. ഇപ്പോൾ മുന്നുവർഷം പഴക്കമുള്ള ഒരു മീനുണ്ട്. ദിവസം തോറും വെള്ളം മാറ്റും.

വേനൽകാലത്ത് ( അവധികാലത്ത് ) അവിടെ ചെല്ലുമ്പോൾ ചേന ചേമ്പ് എന്നിവയുടെ വിളവെടുപ്പാണ്. വല്യമ്മ നട്ട ചേനയെല്ലാം വച്ച മുറിയെ കാൾ ഒരുകാൽ ഭാഗം കൂടുതലെയുള്ളു. എന്നാൽ അമ്മ നട്ടത് ഒരു കാലത്തോളം ഉണ്ട്. മുകളിലേക്ക് പടരുന്ന നന കിഴങ്ങും നിലത്ത് പടരുന്ന ചീനിക്കിഴങ്ങും പാരിജാതത്തിന് പന്തലൊരുക്കും. രാത്രിയാകുമ്പോൾ പാരിജാതപ്പൂവ് വിടരും. മൂങ്ങ യക്ഷിയുടെ നോട്ടം, വവ്വാലിന്റെ ചിണങ്ങൽ, ചീവീടിന്റെ കീറ്റൽ എന്നിങ്ങനെ എല്ലാം കൂടെ ഒരു പ്രേത ലുക്ക്. അതും പോരാഞ്ഞ് മുറ്റത്തൊരു പാലമരം എന്റമ്മേ.....നാലുസെൈന്റും കാട്. ഒരേക്കറിനകത്ത് ഒരു വീട്. നിലത്ത് പടരുന്ന ചീനിക്കിഴങ്ങ് ഇഷ്ടമുള്ളയിടത്തെല്ലാം വേരുന്നി കായിറങ്ങും. പിഴുതുനോക്കുമ്പോൾ ഒരീർക്കിലിപോലെ. വേവിക്കാതെ തൊലികളഞ്ഞ്

കടിച്ചു തിന്നും വിഷമില്ലല്ലോ. മരത്തിന്റെ തടികാണാൻ വയ്യാതെ കുരുമുളക് മൂട്ടയിട്ടും. വിളഞ്ഞു കഴിഞ്ഞാൽ അതാകും ഞങ്ങളുടെ പണി. വയലിലെ നെൽകൃഷിയൊക്കെ നിലച്ച കഴിഞ്ഞ കാലത്ത് എവിടെ നിന്നെങ്കിലും നെല്ല് ശേഖരിച്ച് കൊണ്ടുവന്ന് ഇത്തിരി മണ്ണിൽ ചാലുകെട്ടി വളർത്തും. ഞാനിങ്ങു പോന്നു കഴിഞ്ഞിട്ടായിരിക്കും നെല്ല് സ്വർണ്ണ മണ്ണികളാവുക. തിരുവനന്തപുരത്തേക്ക് തിരിക്കുമ്പോൾ കുണ്ടുകുഴികൾ കുളമായി മാറി തുടങ്ങിയിരികും.


മഴപെയ്തു കഴിഞ്ഞാൽ തണുപ്പോട്തണുപ്പാണ് അവിടെ. രാവിലെ മൂന്നരമണിക്ക് എഴുന്നേൽക്കും വല്യമ ഇരുട്ടത്ത് കടുത്ത മഴ കാണാൻ എന്തുരസമാണെന്നോ? പ്ലാവും മാവുമൊക്കെ പൂക്കൾ പൊഴിക്കുന്നത് പോലെ തോന്നും. ദൃശ്യത്തിനെകാളും ശ്രവണത്തിനായിരിക്കും ഭംഗി. വീടിന്റെ വടക്കേപ്പുറത്തേ ആദ്യത്തെപടി വെള്ളത്തെആലിംഗനം ചെയ്യും. അടുപ്പിന്റ അടുത്തിരുന്ന് ഇളംചൂട് ബോണ്ടയും ഇലയപ്പവും കടിച്ച് തിന്ന്തിന്നിരിക്കും. കാണാൻ കഴിയാതെ നഷ്ടപ്പെട്ടുപോയ ഒരു മഴയുണ്ട് ഓർമയിൽ.എനിക്ക് ഏഴ് വയസ്സുള്ളപ്പോഴാണ് എനിക്ക്  ഒരു അനിയൻ ജനിക്കുന്നത്. അമ്മ ആശുപത്രിയിൽ നിന്ന് വന്നതിന്റെ പിറ്റേദിവസമാണ് സംഭവം. അനിയനെ കിട്ടിയ സന്തോഷത്താൽ അനിയന്റെ അടുത്ത് നിന്ന് മാറിയില്ല. ആരുമില്ലായിരുന്നു. മഴ പെയ്തു തുടങ്ങി. ഓടിന്റെ പുറത്ത് മഴ മുത്തുകളെല്ലാം മഴ പെട്ടികളാണ് വീഴുന്നത് എന്ന് തോന്നി. എന്നിട്ട് പോലും മുറ്റത്തേക്കിറങ്ങാൻ തോന്നിയില്ല. വല്യമ്മയും വല്യച്ചനും തിരിച്ചു വന്നപ്പോൾ പറഞ്ഞു ആലിപ്പഴം വീണു എന്ന് പറഞ്ഞു. ഞാൻ അത്ഭുതപെട്ടുപോയി. എനിക്ക് ഇതു വരെ ആലിപ്പഴം കാണാൻ കഴിഞ്ഞിട്ടില്ല. അതിനു ശേഷം മഴതുള്ളിയൊന്ന് ബലമോടെപതിച്ചാൽ തന്നെ, ഞാൻ അപ്പോൾ മുറ്റത്തെത്തും.

ഈ അനുഭവങ്ങൾ കൊഴിഞ്ഞ് പോഴെങ്കിലും ഓർമയെന്ന
തണ്ടിൽ വിടരുന്നു, ഭംഗിയോടെ സുഗന്ധമോടെ..............!

നന്ദന എസ്
9 E

********************





# NATURE

My mummy is my nature
my Life is my Nature
Nature is the world
plants are natures gift
rivers are natures gift
The beauty of my nature
This is life of my nature

The crying of nature
is rain
The life of the nature
is trees

My mummy is my nature
Rivers are my Nature
Mountains are my Nature
Birds are my Nature
Trees are my nature

**************

# അവൾ രേണുക

കുഞ്ഞന്റെയും തങ്കമണിയുടെയും മകളായി ജനിച്ചവൾ രേണുക. കുഞ്ഞനും ഭാര്യ തങ്കമണിയും പാടത്ത് ഞാറു നടുന്ന പണിയാണ്. അതിൽ നിന്നു കിട്ടുന്ന തുച്ഛമായ പണം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്.പലപ്പോഴും ഒരു നേരത്തെ അഹാരത്തിനുപോലും അവർ കെഴാറുണ്ട്. അതിനിടയിലാണ് അവളുടെ ജനനം. രേണുക ഒരു ദാരിദ്ര്യ കുടുംബത്തിൽ ജനിച്ചതിനാൽ അവൾ ഒരുപാട് കഷ്ടപ്പാടുകൾ അനുഭവിക്കുന്നുണ്ട്. രേണുക വളരെ സുന്ദരിയിരുന്നു. അവളുടെ ഒൻപതു വയസ്സുവരെ അച്ഛനമ്മമാർ അവളെ അവരെ കൊണ്ട് പറ്റുന്ന രീതിയിൽ സംരക്ഷിക്കുകയും ചെയ്തു. എന്നാൽ ഒരു നാൾ കുഞ്ഞനോട് ഭാര്യ തങ്കമണി പറയുകയുണ്ടായി "നമ്മുടെ മകൾ വളരുകയാണ് അതിനാൽ, ഇപ്പോൾ കിട്ടുന്ന തുച്ഛമായ പണം അവളുടെ പഠിപ്പിനും മറ്റാവശ്യങ്ങൾക്കും തികയില്ല അതുകൊണ്ട് നിങ്ങൾ ഏമാന്മാരോട് നമ്മുടെ പണിക്കൂലി കൂട്ടിത്തരാൻ ആവശ്യപ്പെടൂ". അവളുടെ വാക്കുകളെ എതിർക്കാതെ കുഞ്ഞൻ ഏമാനോട് തന്റെ ആവശ്യം പറഞ്ഞു എന്നാൽ അയാൾക്ക് അത് അംഗീകരിക്കാൻ പറ്റുന്നതായിരുന്നില്ല. അയാൾ കുഞ്ഞിനെ ആട്ടിയോടിച്ചു. അതിനാൽ കൂടെ പണിയെടുക്കുന്ന എല്ലാവരേയും കുഞ്ഞൻ പണം കൂട്ടിവാങ്ങാൻ ആവശ്യപ്പെട്ടു. അവർ ഒരു കൂട്ടമായി ചേർന്നു തീരുമാനിച്ചു പണം കൂട്ടി കിട്ടിയിട്ടേ ഇനി പാടത്തു പണിക്കിറങ്ങു എന്ന്. ഏമാൻ കുഞ്ഞനാണ് ഇതിന്റെ പിന്നിൽ എന്ന് അറിഞ്ഞു. കുഞ്ഞനോട് തീർക്കാനാകാത്ത പകയും വൈരാഗ്യവും അയാളുടെ ഉള്ളിൽ നിറഞ്ഞു. അന്നു രാത്രി

തന്നെ അയാളുടെ ശിങ്കിടികളെ ഉപയോഗിച്ച് കുഞ്ഞനെ കുത്തി കൊലപ്പെടുത്തി. കുഞ്ഞന്റെ ഭാര്യയായ തങ്കമണിയും മകളായ രേണുകയും ആ രാത്രി മുഴുവൻ കാത്തുരുന്നു തന്റെ ഭർത്താവിനെയും, അച്ഛനെയും. പിറ്റേന്ന് കോഴികൂവിയത് ആ വാർത്തയുമായാണ്;കുഞ്ഞൻ കൊലപ്പെട്ടു. താൻ കാരണമാണ് ഭർത്താവ് കൊല്ലപ്പെട്ടത് എന്നോർത്ത് മനം നൊന്ത് മകളെപ്പോലും ഓർക്കാതെ തങ്കമണിയും ഒരു കയർ കൊണ്ട് ജീവനൊടുക്കി. അന്ന് രേണുക നാലാം ക്ലാസ്സിലാണ്. അവൾക്ക് അച്ഛനെയും അമ്മയേയും നഷ്ടപ്പെട്ടു. അതിനാൽ അവളുടെ അച്ഛന്റെ അനിയത്തി കമല അവളെ പട്ടണത്തിലെ തന്റെ വീട്ടിലേയ്ക്ക് കൊണ്ടുപോയി. കമലയുടെ ഭർത്താവും ഒരു മകനുമാണ് ആ വീട്ടിൽ താമസിച്ചിരുന്നത്. ആദ്യത്തെ രണ്ടു ദിവസം കമല അവളെ നന്നായി നോക്കി എന്നാൽ അതിനുശേഷം കമലയുടെ തനിസ്വരൂപം പുറത്തെടുത്തു. കുഞ്ഞന്റെയും കമലയുടെയും അമ്മയുമച്ഛനും കുഞ്ഞിലെ മരിച്ചു, കുഞ്ഞനാണ് കമലയെ പഠിപ്പിച്ചതും സംരക്ഷിച്ചതും അവസാനം നല്ലൊരു സർക്കാർ ജോലി ഉള്ള ആളുടെ കൂടെ കല്ല്യാണം നടത്തി വിട്ടതും ഇന്ന് ഒരുപാട് വർഷങ്ങൾക്കുശേഷം അവൾ അത് മറന്നിരിക്കുന്നു. കുഞ്ഞന്റെ ഒൻപത് വയസ്സായ മകളാണ് കമലയുടെ വീട്ടു പണികൾ ചെയ്യുന്നത്. രേണുകയെ കുറച്ചുകൂടെ കഷ്ടപ്പെടുത്താനായി കമല വീട്ടിലെ ജോലിക്കാരിയെ പറഞ്ഞയച്ചു. രേണുകയെ പട്ടണത്തിൽ ഉള്ള ഒരു സർക്കാർ സ്കൂളിൽ ചേർത്തു. സ്കൂളിൽ പോകുന്നതിനു മുന്നേ എല്ലാ ജോലിയും തീർക്കണം എന്നാണ് കമലയുടെ കല്പന. ആ പിഞ്ചു മനസ്സു പിടയുകയാണ്. ഈ കഷ്ടപ്പാടിൽ രേണുകയ്ക്ക് ഒരു തണലായത് കമലയുടെ ഒറ്റ മകൻ കണ്ണനാണ്. അവന് പന്ത്രണ്ട് വയസ്സാണ്

പ്രായം. അവർ തമ്മിൽ നല്ല കൂട്ടായി കളിയായി ചിരിയായി. കമലയുടെ മാനസിക പീഢനങ്ങളും രേണുക നേരിടേണ്ടതായി വന്നു. അതിലെല്ലാം കണ്ണനാണ് തന്നെ ആശ്വസിപ്പിച്ചതും സഹായിച്ചതും. രേണുക പഠിക്കാൻ മിടുക്കിയായിരുന്നു. ഒരിക്കൽ രേണുക കമലയുടെ ഫോൺ സംഭാഷണത്തിനിടയിൽ കേട്ടതിങ്ങനെയാണ് “നാട്ടുകാർ എന്തുപറയുമെന്ന് പേടിച്ചാണ് തള്ളയും തന്തയും ചത്തപ്പോൾ നശൂലത്തെ ഇങ്ങോട്ട് കൊണ്ട് വന്നത് അല്ലെങ്കിൽ ഞാൻ ഇതിനെ എടുത്തു തലയിൽ വയ്ക്കില്ലായിരുന്നുവെന്ന്”. അത് രേണുകയുടെ കുഞ്ഞുമനസ്സിൽ വലിയ മുറിവുകൾ സമ്പാദിച്ചു. വർഷങ്ങൾ കഴിഞ്ഞു രേണുക ഫസ്റ്റ് ക്ലാസ്സോടേ പത്താം ക്ലാസ്സ് ജയിച്ചു. കണ്ണൻ പ്രീഡിഗ്രിയും പാസ്സായി. അവർ വളർന്നതോടെ അവരുടെ ഇഷ്ടവും വളർന്നു. കമലയുടെ രേണുകയോടുള്ള ആക്രമണം കൂടുകയും ചെയ്തു. അങ്ങനെയിരിക്കെ കമലയുടെ ഭർത്താവ് വീട്ടിൽ പനിയായിട്ട് കിടക്കെ കമല ഒരു കല്യാണത്തിനുപോയി, കണ്ണൻ മുറിയിൽ കിടന്നുറങ്ങുകയായിരുന്നു. അടുക്കളയിൽ ജോലി ചെയ്തുകൊണ്ടിരിയ്ക്കെ കമലയുടെ ഭർത്താവ് രേണുകയെ കടന്നു പിടിക്കുകയും ഉപദ്രവിക്കാൻ ശ്രമിക്കുകയിം ചെയ്തു. രേണുകയുടെ കരച്ചിലും നിലവിളിയും കേട്ട് കണ്ണൻ ഓടിവന്നു തന്റെ അച്ഛനെ തള്ളിമാറ്റി അവളെ മാറോട് ചേർത്തു പിടിച്ചു അപ്പോഴാണ് കമലയുടെ തിരിച്ചു വരവും അതോടെ അവരുടെ ഇഷ്ടം കമലയും ഭർത്താവും അറിഞ്ഞു. എത്രയൊക്കെ എതിർത്തിട്ടും കണ്ണൻ തന്റെ പ്രണയത്തിൽ നിന്നും പിന്മാറിയില്ല. അതിനാൽ രേണുകയുടെ പതിനഞ്ചാമത്തെ വയസ്സിൽ ഇരുവരുടെയും ബന്ധം മുറിക്കാനായി വേറെ വിവാഹം ആലോചിച്ചു. അതൊരു നാല്പതുകാരാണ്. അവളുടെ സൗന്ദര്യം കണ്ടുവന്നതാണ്. തന്നെ

ഇത്രയും നാൾ പഠിപ്പിച്ചും ഭക്ഷണം തന്നും നോക്കിയതിനാൽ അവൾ എതിർക്കാതെ ആ നാൽപതുക്കാരനെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ പേര് ദേവൻ എന്നായിരുന്നു. ആദ്യരാത്രിൽ തന്നെ മദ്യപിച്ചാണ് അയാൾ മണിയറയിൽ വന്നത്.അവളെ ഒരുപാട് ഉപദ്രവിച്ചു.പിറ്റേന്ന് രാവിലെയാണ് രേണുക അറിഞ്ഞത് അയാൾ ഒരു മദ്യപാനിയാണെന്നും ഇത് അയാളുടെ രണ്ടാം വിവാഹമാണെന്നും. എല്ലാ വിഷമങ്ങളും ഉള്ളിലൊതുക്കി കണ്ണനെ മറന്ന് എത്ര മദ്യപാനിയാണെങ്കിലും അവൾ സ്വന്തം ഭർത്താവിനെ സ്നേഹിച്ചു. കല്ല്യാണം കഴിഞ്ഞ് മൂന്നുമാസം കഴിഞ്ഞപ്പോൾ അമിത മദ്യപാനം കാരണം ദേവൻ മരണപ്പെട്ടു. മരണമഞ്ഞ് അഞ്ചാം നാൾ ദേവന്റെ വീട്ടുകാർ അവളെ പുറത്താക്കി; ദേവന്റെ സ്വത്തുക്കൾ അന്യപ്പെട്ടുപോകാതിരിക്കാൻ. രേണുക പെരുവഴിയിലായയി. എങ്ങോട്ടെന്നില്ലാതെ അവൾ റോഡിലൂടെ നടന്നു. നടക്കവെ അവളുടെ കണ്ണുകൾ ഇരുട്ടാൽ മൂടപ്പെട്ടു. പിന്നെ അവൾ കണ്ണുതുറന്നപ്പോൾ ആശുപത്രി മുറി. ഡോക്ടർ മുറിയിലേക്ക് പ്രവേശിച്ചു. എന്നിട്ടു പറഞ്ഞു നിങ്ങൾ ഗർഭിണിയാണ്. ഒരു കുഞ്ഞുജീവൻ തന്റെ ഉദരത്തിൽ തന്നിട്ട് അയാൾ പോയി. തന്നെ ആശുപത്രിയിലാക്കിയ അദ്ദേഹത്തോട് കാര്യങ്ങളെല്ലാം അവൾ പറഞ്ഞു. അയാൾ അവളെ സഹായിക്കാമെന്ന് വാക്കുനൽകി. ഒരു വീടും വാടകയ്ക്ക് നൽകി ഒരു വീട്ടുജോലിയും അദ്ദേഹം രേണുകയ്ക്ക് നൽകി. മാസങ്ങൾക്കു ശേഷം കുഞ്ഞു ജനിച്ചു; ഒരു പെൺ കുഞ്ഞ്. വീട്ടുജോലി ചെയ്ത് തളരാതെ തന്റെ മക്കളെ രേണുക പഠിപ്പിച്ചു; ഒരു ജോലിയും മകൾക്ക് കിട്ടി. ഈ ഓട്ടപ്പാച്ചിലിടയിലാണ് രേണുക അറിയുന്നത് അവളെ മാരകമായ ഒരു രോഗം പിടിപ്പെട്ടു ക്യാൻസർ. അതറിഞ്ഞ ഉടൻ തന്റെ മകൾക്ക് അനുയോജ്യമായ ഒരാളെ

കണ്ടെത്തി വിവാഹം നടത്തി.ഇപ്പോൾ രേണുക തന്റെ വാടകവീട്ടിൽ ഒറ്റക്കാണ്. തന്റെ അവസ്ഥ തന്റെ മകൾക്ക് വരാതിരിക്കാനാണ് രേണുക ഇത്രയും കഷ്ടപ്പെട്ടത്. എല്ലാം ശുഭമായി അവസാനിച്ച എന്ന സന്തോഷത്തിൽ അവൾ രേണുക തന്റെ മിഴികൾ അടച്ചു, അല്ല അടഞ്ഞു. ഇനി ഒരിക്കലും തുറക്കില്ല. ഏതു പ്രതിസന്ധിയിലും രേണുക എന്ന പുഴ ഗതി മാറി ഒഴുകി ഇപ്പോൾ ആ പുഴ നിലച്ചു, വറ്റി.

**************************

അഭിരാമി എ എസ്

+2





# ജാനകിയുടെ ജീവിതം

ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് ജാനകിയെന്നായിരുന്നു. അവൾ ഒരു പാവമായിരുന്നു. അവൾക്ക് ഒരു വയസ്സുള്ളപ്പോൾ അവളെയും അമ്മയെയും വിട്ട് അച്ഛൻ അന്യദേശത്ത് പോയി. ജാനകിയുടെ അമ്മ ഒരു വീട്ടുവേലക്കാരിയാണ്. വലിയ ഒരു തറവാട്ടിലാണ് ജാനകിയുടെ അമ്മ

ജോലിചെയ്യുന്നത്. അവളും അവളുടെ
അമ്മയുടെ കൂടെ പോകുമായിരുന്നു. ഒരു
ദിവസം അവൾ ദയനീയമായ ഒരു കാഴ്ച കണ്ടു.
ആ കാഴ്ച അവളെ ഞെട്ടിപ്പിച്ചു. ആ വിട്ടിലെ
ഗൃഹനാഥനായ ശേഖരൻകുട്ടി തമ്പുരാൻ
ജാനകിയുടെ അമ്മയെ ഉപദ്രവിക്കുകയും
ആരോ ചെയ്ത കുറ്റം അവരിൽ മേൽ
ആരോപിക്കുകയും ചെയ്തു. അങ്ങനെ ആ
വീട്ടുകാർ ജാനകിയുടെ അമ്മയെ
ശിക്ഷിക്കുകയും ചെയ്തു. ആ ശിക്ഷ കേട്ടപ്പോൾ
ജാനകി തേങ്ങികരഞ്ഞു. കാരണം ആ
ശിക്ഷയ്ക്ക് അത്രയ്ക്ക് കാഠിന്യമുണ്ടായിരുന്നു.
ശിക്ഷ കൊടുത്ത് കഴിഞ്ഞപ്പാൾ ശേഖരൻകുട്ടി
തമ്പുരാൻ തന്നെ അവരെ തറവാട്ടിൽ നിന്നും
ഇറക്കി വിടുകയും ചെയ്തു. ആരോരുമില്ലാതെ
അവർ അലഞ്ഞു തിരിഞ്ഞു നടന്നു. ഒരോ രാവും
പകലും മാറി മാറി പോയി. അങ്ങനെ ആ

അമ്മയും മകളും വേറൊരു ജോലി കണ്ടെത്തുകയും ചെയ്തു. അങ്ങനെ ഒരു ദിവസം ജാനകിയുടെ അമ്മ തളർന്നുവീണു. അവൾ നാട്ടുകാരോട് "ഓടി വരണേ" എന്ന് ഉറക്കേ കരഞ്ഞു. പക്ഷ അവൾക്ക് നാട്ടുകാരോട് അടുപ്പമില്ലാത്തതുകൊണ്ട് അവൾ കരഞ്ഞ് പറഞ്ഞത് ആരും ശ്രദ്ധിച്ചില്ല. അവൾ തന്നെ അവളുടെ അമ്മയെ ആശുപത്രിയിൽ എത്തിച്ചത്. പക്ഷേ ആശുപത്രിയിൽ എത്തിച്ചത് ഏറെ വൈകിയതിനാൽ അവൾ ക്ക് അമ്മയെ രക്ഷിക്കാനായില്ല. അങ്ങനെ അമ്മ ജാനകിയെ വിട്ടുപോയി. അവൾ ഒറ്റയ്ക്കാണ്. ആരും അവളോട് കൂട്ട് കൂടിയില്ല. അമ്മ മരിച്ച പെൺകുട്ടിയായതുകൊണ്ട് അവളോട് ആരും സഹതാപം  കാണിച്ചില്ല. ജാനകി  നേരത്തെ ജോലിനിന്ന വീട്ടിൽ

പോയി. അവളെ വാതിൽക്കൽ കണ്ടപ്പോഴേ ശേഖരൻകുട്ടി
തമ്പുരാനും ഭാര്യയും വാതിൽ കുറ്റിയിടുകയും
അവരുടെ വളർത്തുനായയെ തുറന്ന് വിടുകയും
ചെയ്തു. പക്ഷെ പേടിച്ചില്ല . അവൾ അവരോട്
ഇങ്ങനെ പറഞ്ഞു : "ഞാൻ വീണ്ടും വരും
;നിങ്ങൾ ഓർത്തിരുന്നോ"എന്ന് പറ
ഞ്ഞുകൊണ്ട് അവൾ ഇറങ്ങി പോയി.
അങ്ങനെ വർഷങ്ങൾ കടന്നുപോയി.
വസന്തവും ശിശിരവുമെല്ലാം
കൊഴിഞ്ഞുപോയി. അവൾ ഒരു
യുവതിയായി.അച്ഛനും അമ്മയും ഇല്ലെങ്കിലും
അവൾ വിവേകശാലിയുമായിരുന്നു. ഒരു
വേനൽകാല
മദ്ധ്യാനം അസഹ്യമായ ചൂട്
സഹിക്കാനാവാതെ ജാനകി കുളിക്കാനായി

വീട്ടിനടുത്തുള്ള കുളത്തിൽ പോയി. അപ്പോൾ ഒരു വിചിത്ര ശലഭം അവളുടെ മുന്നിൽ വന്നിട്ട് പറഞ്ഞു :- " നീ ഭാഗ്യവതിയാണ് ; നിനക്ക് ഇനി ഈ ലോകത്ത് ദു:ഖിക്കേണ്ടിവരില്ല. നിന്നെ ഒരു സുന്ദരപുരുഷൻ നിന്നെ വിവാഹം ചെയ്യും. അങ്ങനെ ആ വിചിത്ര ശലഭത്തിന്റെ വാക്കുകൾ കേട്ടപ്പോൾ അവൾക്ക് സന്തോഷമായി. അവളുടെ കണ്ണുകളിൽ നിന്ന് ആനന്ദാശ്രു പൊഴിഞ്ഞു. അവൾക്ക് വിശ്വസിക്കാനായില്ല. അവൾ സ്വപ്നം കണ്ടതാണോ എന്ന് പോലും വിചാരിച്ചു. വർഷങ്ങൾ കഴിഞ്ഞ് പോയി. അങ്ങനെ ഒരു ദിവസം ഒരു സുന്ദരനായ ചെറുപ്പക്കാരന് അവളെ ഇഷ്ടമായി. ഒട്ടുവിൽ സ്നേഹവുമായി; വിവാഹവും കഴിഞ്ഞു. പുതു ജീവിതം ആഘോഷിക്കുമ്പോഴും അവൾ പഴയ കാര്യങ്ങൾ ഓർക്കുമായിരുന്നു.

എന്നൊക്കെയവൾ അത് ഓർക്കുന്നോ,
അന്നൊക്കെ അവൾ ദു:ഖിതയായി. അങ്ങനെ
അവളൊരു പുതുജീവിതത്തിലേക്ക് നാമ്പിട്ടു.
അപ്പോഴും മനോഹരമായ കണ്ണുകളിൽ
ആനന്ദാശ്രു പൊഴിഞ്ഞു...

- അരുണിമ. എസ്സ്. ആർ

# കഥകളി

കഥകളി ഒരു ശാസ്ത്രീയ കലാരൂപമാണ്. കേരളത്തിലെ ദേശീയ ഒരു ഉത്സവമാണ് കഥകളി. കേരളത്തിലെ നാട്ടുരാജാവായ കോയാക്കൽ തമ്പുരാനാണ് ഈ നാട്ട്യകലയ്ക്ക് രൂപം നൽകിയത്.



കേരളത്തിലെ ഒരു സാംസ്കാരിക കല കൂടിയാണ് കഥകളി. കഥകളിയിൽ പ്രധാനപെട്ട അഞ്ച് വേഷങ്ങളുണ്ട്. അതിൽ നാല് ആണും ഒരു പെണ്ണുമാണുള്ളത്. താടി,കരി,കത്തി,മിനുക്ക്, പച്ച്.താടി ഉപയോഗിക്കുന്നത് ദുഷ്ട കഥാപാത്രങ്ങളാണ്.മിനുക്ക് ഉപയോഗാക്കുന്നത് സ്ത്രീകളാണ്; മഹർഷിമാരും ഉപയോഗിക്കാറുണ്ട്.

കഥകളി ഒരു നാട്ട്യകലയാണ്. കഥകളിക്ക് നിറയെ ആചാര്യന്മാരുണ്ട്. അവരെ 'കഥകളി

ആചാര്യന്മാർ' എന്നാണ് അറിയപ്പെടുന്നത്. കലാമണ്ഡലം ഗോപി ആശാൻ, കലാമണ്ഡലം കൃഷ്ണൻ നായർ എന്നിവർ കഥകളി ആചാര്യന്മാരാണ്. കേരള കലാമണ്ഡലം സ്ഥാപിച്ച മഹാകവി വള്ളത്തോൾ നാരായണ മേനോനാണ്. കഥകളി രൂപം കൊണ്ടത് കേരളത്തിലാണ്. കലാമണ്ഡലം അവരുടെ ആസ്ഥാനമാണ്. കഥകളിയുടെ ആടയാഭരണങ്ങളെ അറിയപ്പെടുന്നത് 'ആഹാര്യം' എന്ന പേരിലാണ്. കഥകളിയ്ക്ക് അവരുടേതായ വേഷ വിധാനങ്ങളുണ്ട്. കൃഷ്ണമുടി, തോട എന്നിവയാണ്. കഥകളിയ്ക്ക് അവരുടേതായ ഗാനവും നൃത്തവുമുണ്ട്. കഥകളിആചാര്യനായ കലാമണ്ഡലം കൃഷ്ണനായർ ചന്തുപണിക്കരാശാന്റെ ശിഷ്യനാണ്. അദ്ദേഹം ഒരു കവി കൂടിയാണ്. കഥകളി ഇപ്പോഴും നിലനിൽക്കുന്ന കലയാണ്.

അരുണിമ എസ് ആർ

7B